ലൂക്കാ 1:39 - 56

ഡിസംബർ 3: മറിയം എലിസബത്തിനെ സന്ദർശിക്കുന്നു

ഭാഷ്യം

I. സന്ദർഭം

രണ്ടു സ്ത്രീകൾ, ദൈവത്തിന്റെ പ്രത്യേക ഇടപെടലിലൂടെ അമ്മമാരാകാൻ പോകുന്നു. യോഹന്നാൻ ജനിക്കുവാൻ പോകുന്ന കാര്യം, പിതാവായ സഖറിയായോടും (1: 5-20), യേശുവിന്റെ ജനനത്തെ സംബന്ധിച്ചു അമ്മയായ മറിയത്തോടും അറിയിച്ചു (1: 26-38). ഇവരുടെ ജീവിതത്തിൽ മക്കളുടെ ജനനവിവരം കൊണ്ടുവരുന്ന പരിവർത്തനം, രണ്ടുപേരുടെയും കൂടിക്കാഴ്ചയിലെത്തുന്നതാണ് വചന പശ്ചാത്തലം.

II. പ്രമേയം

ദൈവാനുഗ്രഹത്തോട് എങ്ങനെ രണ്ടു വ്യക്തികൾ പ്രത്യുത്തരിക്കുന്നു എന്ന് വ്യക്തമാക്കപ്പെടുന്നു. വന്ധ്യവയോധികയായ എലിസബത്തും, പ്രായപൂർത്തിയിലെത്തുന്ന മേരിയും തമ്മിൽ കണ്ടുമുട്ടുമ്പോൾ പ്രകടമാകുന്ന ദൈവാനുഭവത്തിന്റെ പാരസ്പര്യം നാം അറിയുന്നു. പരസ്പര ആദരിക്കലും, അംഗീകരിക്കലും പരിശുദ്ധാത്മാവിന്റെ നിറവും, അതിന്റെ പരിണതഫലമായ ശുശ്രൂഷയും എല്ലാം നിറയുന്ന മനോഹര അവതരണം.

III. സന്ദേശം

1. പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യത്തിൽ, എലിസബത്തിന്റെ ഉദരത്തിലെ ശിശു കുതിച്ചു ചാടി (1: 41). ഈ വചനഭാഗത്തെ ഏറ്റവും കൗതുകം നൽകുന്ന ഒരു പരാമർശമാണ് അത്. റബേക്കയുടെ ഉദരത്തിൽ ഇരട്ട കുട്ടികൾ തമ്മിലടിക്കുന്നത്, കുതിച്ചു ചാടുന്നതിന്, റബേക്ക ദൈവത്തോട് വിശദീകരണം ചോദിച്ചു. അതിനു മറുപടിയും കിട്ടി. ആദ്യം പുറത്തു വരുന്ന ജ്യേഷ്ഠനായ ഏസാവിനേക്കാൾ മിടുക്കനും അംഗീകാര മുദ്ര പതിച്ചവനും ആയിരിക്കും ഇളയവനായ യാക്കോബ് (ഉല്പ. 25: 22-26). ഈ ഒരു മേൽക്കോയ്മ പ്രകടമാക്കുന്നതാണ് എലിസബത്തിന്റെ ഉദരത്തിൽ സംഭവിക്കുന്നത്. ജ്യേഷ്ഠനായ

യോഹന്നാനെക്കാൾ ശ്രേഷ്ഠനായിരിക്കും ഇളയവനായ യേശു എന്ന സൂചന. എന്നാലിവിടുത്തെ ശ്രേഷ്ഠത പരിശുദ്ധാത്മാവിന്റെ നിറവിലേക്കെത്തുന്നു. നമ്മുടെ സാന്നിദ്ധ്യം അപരനിൽ ആത്മാവിന്റെ നിറവിലേക്ക് എത്തുമ്പോഴാണ് ശ്രേഷ്ഠനാകുന്നത് എന്നോർക്കാം. പഴയ നിയമത്തിലെ ഏസാവ് യാക്കൊബുമാരെപ്പോലെ കലഹിക്കുന്നവരല്ല യോഹന്നാനും യേശുവും. പരസ്പരം അംഗീകരിക്കുന്നവരും പുരകങ്ങളും ആയവരാണ്. നമുക്കുള്ള ക്ഷണവും അതു തന്നെയാണ്.

2. മാതാവിനെക്കുറിച്ചുള്ള വിശേഷണങ്ങൾ ശ്രദ്ധിക്കുക. നീ സ്ത്രീകളിൽ അനുഗ്രഹീതയാണ് (1: 42). പഴയ നിയമത്തിൽ രണ്ടു സ്ത്രീകളെ ഇതേ രീതിയിൽ വിശേഷിപ്പിക്കുന്നുണ്ട്. ന്യായാധിപന്മാരുടെ പുസ്തകത്തിൽ ജായേൽ എന്ന സ്ത്രീ കാനാൻകാരൻ സേനാധിപൻ സിസേറയെ തലക്ക് ആണിയടിച്ച് തന്ത്രത്തിൽ വധിച്ച് ഇസ്രായേലിനെ രക്ഷപ്പെടുത്തിയപ്പോൾ ദബോറ എന്ന പ്രവാചിക പറയുന്നതാണ് "ജായേൽ ആകട്ടെ കൂടാരവാസികളിൽ ഏറ്റവും ധന്യ" (ന്യായാ. 5: 24). യൂദിത്ത് ഹോളോഫർണസെന്ന പടനായകനെ അവന്റെ കൂടാരത്തിൽ കയറി വധിച്ച് ഇസ്രായേൽ ജനത്തെ രക്ഷിച്ചപ്പോൾ ഉനസിയാ പറയുന്നു, "മകളേ, ഭൂമിയിലെ സ്ത്രീകളിൽ വച്ച് അത്യുന്നതനാൽ, ദൈവത്താൽ ഏറ്റവും അനുഗ്രഹിക്കപ്പെട്ടവളാണ് നീ" (യൂദിത്ത് 13: 18). എന്നാൽ മറിയത്തിന്റെ ധന്യത കേവലം ഒരു ജനതയെ രക്ഷിക്കുന്നതിലല്ല. മറിച്ച് സർവ്വ ജനങ്ങളെയും പാപത്തിന്റെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കുന്ന യേശുവിനെ ലോകത്തിന് നൽകുന്നതിലാണ്. രണ്ടാമത്തെ പരാമർശം അതിന് അടിവരയിടുന്നു. "എന്റെ കർത്താവിന്റെ അമ്മ" എന്ന് മാതാവ് യേശു ജനിക്കുന്നതിനു മുൻപേ വിളിക്കപ്പെടുന്നു. യേശുവിന്റെ ദൈവികതയും പരി. അമ്മയുടെ ദൈവമഹത്വവും വെളിവാക്കപ്പെടുന്നു. എഫേസൂസ് കൗൺസിൽ 431 ലും രണ്ടാം വത്തിക്കാൻ കൗൺസിൽ 1964 ലും പ്രഖ്യാപിച്ച, പ്രഥമ മരിയൻ സിദ്ധാന്തത്തിന്റെ വേരുകൾ ഈ പരാമർങ്ങളിലുണ്ട്.

3. ദൈവകൃപയെക്കുറിച്ച് ഓർക്കുമ്പോൾ മറിയത്തിന്റെ പ്രതികരണം വ്യക്തമാക്കുന്നതാണ് 'സ്തോത്രഗീതം' ഇതിൽ ശ്രദ്ധേയമായ കാര്യം "അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു"(1:48) എന്നതാണ്. താൻ വലിയവളായതു കൊണ്ടല്ല, പുണ്യപ്പെട്ടവളായതു കൊണ്ടുമല്ല, മറിച്ച് ഏറ്റവും താഴ്ന്നവളായതു കൊണ്ടാണ് ദൈവം തന്നെ കൈപിടിച്ചു ഉയർത്തിയത് എന്ന അവബോധം ബൈബിളിന്റെ മുഖ്യചിന്തകളിൽ ഒന്നാണ്.

ദൈവം വിളിക്കുമ്പോൾ മോശ തിരിച്ചറിയുന്നു, "താൻ വാക്ചാതുരിമുള്ളവനല്ല- നാവിന് തടസ്സമുള്ളവൻ, പാപി..." (പുറ.4:10-17). ഏശയ്യയെ വിളിക്കുമ്പോൾ തന്റെ അശുദ്ധിയെ കുറിച്ച് ഏറ്റുപറയുന്നുണ്ട്(ഏശയ്യ.6:5). പിന്നീട് യേശു തന്റെ ദൗത്യം- ദരിദ്രരിലേക്കും പാപികളിലേക്കും വച്ചു നീട്ടു

മ്പോൾ ദൈവകൃപയുടെ കരം നീളുന്നത് എപ്പോഴും താഴ്മയുള്ളവരിലേക്കാണ്. ഒന്നും നിന്റെ നേട്ടമല്ല. നീ വെട്ടിപിടിച്ചതും അല്ല. ദൈവം കടാക്ഷിക്കുന്നതാണ് എന്ന് തിരിച്ചറിയുക.

ഡോ. ജേക്കബ് മുല്ലൂർ

പ്രസംഗം

പരിശുദ്ധ ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു

രക്ഷാകരചരിത്രത്തിലെ ഏറ്റം പ്രധാനപ്പെട്ട രണ്ടു വ്യക്തികൾ തമ്മിൽ കണ്ടുമുട്ടുന്ന സംഭവമാണ് ഇന്നത്തെ സുവിശേഷം വിവരിക്കുന്നത്. രക്ഷകന്റെ മാതാവും രക്ഷകന്റെ മുന്നോടിയുടെ അമ്മയും തമ്മിൽ കണ്ടുമുട്ടുന്നു.

മറിയത്തിന്റേത് വെറുമൊരു സൗഹൃദസന്ദർശനമൊ, വിനോദയാത്രയോ ഒന്നുമായിരുന്നില്ല. തന്റെ ചാർച്ചക്കാരിയെ ശുശ്രൂഷിക്കാനുള്ള സേവനവ്യഗ്രതയാണ് മറിയത്തിൽ കാണുന്നത്. അവൾ തിടുക്കത്തിൽ യാത്ര പുറപ്പെട്ടു. ശുശ്രൂഷിക്കാനുള്ള തിടുക്കം അവളിൽ കാണുന്നു.

ഇന്ന് അയിൻകരീം എന്നറിയപ്പെടുന്ന സ്ഥലത്തേക്കാണ് മറിയം യാത്രയായത്. നസ്രത്തിൽ നിന്ന് 120 കി.മീ. ദൂരം അവിടേയ്ക്കുണ്ട്. മൂന്നുനാലു ദിവസത്തെ യാത്ര നടത്തിയാലെ അവിടെ എത്താൻ കഴിയൂ. കുന്നുകളും താഴ്വാരങ്ങളും ചതുപ്പുകളും മുൾപടർപ്പുകളുമൊക്കെയുമുള്ള ദുർഘടമായ പാതകൾ താണ്ടി വേണം അവിടെ എത്തിച്ചേരാൻ. ഇന്നത്തെപ്പോലെ യാത്രാസൗകര്യങ്ങളൊന്നും ഇല്ലാതിരുന്ന കാലയളവിൽ കേവലം ഒരു യുവതി നടത്തിയത് സാഹസികമായ ഒരു യാത്ര തന്നെയാണ്. ദൈവത്തിൽ മാത്രം ആശ്രയിച്ചുകൊണ്ടുള്ളൊരു യാത്ര.

മറിയം തന്നെ വന്നു ശുശ്രൂഷിക്കണമെന്ന് എലിസബത്ത് ആൾ വിട്ടു പറയുകയോ കുറിമാനം കൊടുത്തു വിടുകയോ ഒന്നും ചെയ്തില്ല. ഗബ്രിയേൽ ദൂതൻ മറിയത്തെ സന്ദർശിച്ചപ്പോൾ അവനിൽ നിന്നാണ് എലിസബത്തിന്റെ ഗർഭത്തെപ്പറ്റി മറിയം അറിയുന്നത്. തന്റെ സന്ദർശനം കൊണ്ട് ആർക്കെങ്കിലും നന്മയുണ്ടാകുന്നെങ്കിൽ ഉണ്ടാകട്ടെ എന്നാണ് മറിയത്തിന്റെ ചിന്ത. ബലമുള്ളവർ എപ്പോഴും ബലഹീനരുടെ പക്കലേക്കാണ് പോകേണ്ടത്.

മറിയം ദൈവത്തിന്റെ അമ്മയായി തെരഞ്ഞെടുക്കപ്പെട്ടതിനു തൊട്ടു പിന്നാലെയാണ് ഈ സംഭവം. ഒരു സൃഷ്ടിക്കു ലഭിക്കാവുന്ന ഏറ്റം ഉന്നതമായ പദവിയാണ് മറിയത്തിനു ലഭിച്ചത്. എന്നാൽ ദൈവമാതാവ് എന്ന സ്ഥാനത്തിൽ അഹങ്കരിക്കാതെ എളിയ ശുശ്രൂഷയിൽ അവൾ സംതൃപ്തി കണ്ടെത്തുന്നു.

പരിശുദ്ധാത്മാവു നിറഞ്ഞാൽ കൈകൊട്ടും പാട്ടും ബഹളവുമാണെന്ന് ചിലർ കരുതുന്നു. എന്നാൽ ആത്മാവിനാൽ നിറഞ്ഞ വ്യക്തിക്ക് അന്യരെ

ശുശ്രൂഷിക്കാതിരിക്കാൻ കഴിഞ്ഞില്ല. കാരണം, സ്നേഹത്തിന്റെ ആത്മാവിന് സ്നേഹത്തിന്റെ പ്രവർത്തനം നടത്തിയേ പറ്റൂ.

മറിയം എലിസബത്തിനെ അഭിവാദനം ചെയ്തപ്പോൾ കൊച്ചുയോഹന്നാൻ എലിസബത്തിന്റെ ഉദരത്തിൽ ഒരു കുതിച്ചുചാട്ടം നടത്തുകയാണ്. യോഹന്നാൻ രക്ഷകനെ തിരിച്ചറിയുകയാണിവിടെ. തന്റെ അമ്മയുടെ ഉദരത്തിൽ നിന്നു താൻ പുറത്തുവരുന്നതിനുമുമ്പു തന്നെ, തന്നെ ശുദ്ധീകരിക്കാൻ തന്റെ നാഥൻ വന്നത് യോഹന്നാൻ അറിഞ്ഞു.

എലിസബത്തും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവിനാൽ നിറഞ്ഞ അവൾ പറയുന്നു, കർത്താവി ന്റെ അമ്മയുടെ സന്ദർശനത്താൽ താൻ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്ന്.

മറിയം കർത്താവിന്റെ അമ്മയായി എന്ന് എലിസബത്ത് എങ്ങനെ മനസ്സിലാക്കി? അതു ദൈവത്തിന്റെ വെളിപാടാണ്.

ദൈവികവെളിപാടു ലഭിച്ച, പരിശുദ്ധാത്മാവു നിറഞ്ഞ എലിസബത്ത് മറിയത്തെ അനുഗ്രഹീതയെന്നു വിളിക്കുന്നു. പരിശുദ്ധാത്മനിറവുള്ളവർ മറിയത്തെ ആദരിക്കാൻ മടിക്കില്ല.

മറിയം നമ്മോടൊപ്പം ഉള്ളപ്പോൾ നാമും അനുഗ്രഹിക്കപ്പെട്ടരാകും. യേശുവിന്റെ ജനനത്തിന്റെ അറിയിപ്പു സമയം ദൈവദൂതൻ ദൈവകൃപ നിറഞ്ഞ മറിയത്തെ വന്ദിച്ചു. ഇപ്പോൾ പരിശുദ്ധാത്മാവ് അവളെ അനുഗ്രഹീതയെന്നു വിളിക്കുന്നു. അങ്ങനെയെങ്കിൽ നമുക്ക് അവളെ എങ്ങനെ അകറ്റിനിർത്താൻ കഴിയും?

മറിയത്തിന്റെ സാന്നിദ്ധ്യം സന്തോഷം പ്രദാനം ചെയ്യുന്നു. മറിയത്തെ കണ്ടപ്പോൾ എലിസബത്തിനു സന്തോഷം. യോഹന്നാൻ സന്തോഷത്തിന്റെ കുതിപ്പു നടത്തുന്നു. ഉടനടി മറിയം സന്തോഷത്തിന്റെ സ്തോത്രഗീതം ആലപിക്കുന്നു. ഹിന്ദുമതത്തിൽ ദൈവാനുഭവത്തിനുള്ള മാർഗ്ഗങ്ങളിലൊന്ന് സത്സംഗം ആണ് - നല്ല മനുഷ്യരുമായുള്ള സംസർഗം. ക്രിസ്ത്യാനിയുടെ ജീവിതം മനുഷ്യർക്കു സന്തോഷം പകരുന്ന ഒന്നാവണം.

മറിയത്തിന്റെ ജീവിതം പങ്കുവയ്ക്കലിന്റെ ഒരു ജീവിതമാണ്. അവൾ തന്റെ സമയവും ഊർജ്ജവുമെല്ലാം പങ്കുവയ്ക്കുന്നു. എലിസബത്തിന്റെ പ്രസവത്തിനുശേഷമാണ് അവൾ നസ്രത്തിലേക്കു മടങ്ങിപ്പോകുന്നത്.

എല്ലാ സാഹചര്യങ്ങളും അനുകൂലമായാൽ പോലും നാം പലപ്പോഴും നന്മ ചെയ്യാറില്ല. മറിയത്തിന് എല്ലാ സാഹചര്യങ്ങളും പ്രതികൂലമായിരുന്നു.

1 സ്ത്രീ

2. കേവലം യുവതി

3. ദീർഘയാത്ര

4. മറിയവും ഗർഭവതിയാണ്

ആരും ആവശ്യപ്പെട്ടിട്ടല്ല, അവൾ എലിസബത്തിന്റെ അടുത്തേക്കു

Date of Publication: 13 October 2017 / Rs. 25/ Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2015-17, KL/CR/EKM/WPP 08/2015-2017 (Total Page 92)

പോകുന്നത്. അവൾ ആവശ്യം കണ്ടറിഞ്ഞു സഹായിക്കുന്നു.

നിനക്കു സന്തോഷം വേണോ? നിന്റെ സ്വാർത്ഥതയാകുന്ന നസ്രത്തിൽ നിന്ന് ശുശ്രൂഷാമേഖലയാകുന്ന അയിൻകരീമിലേക്ക് യാത്രയാകുക.

മറിയത്തിന്റെ സേവനസവിശേഷതകൾ കൂടി നാം ഉൾക്കൊള്ളുക.

1. വിനയാന്വിതമായ സേവനം

2. സമയോചിതമായ സേവനം

3. ത്യാഗപൂർണ്ണമായ സേവനം

4 സന്തോഷത്തോടുകൂടിയ സേവനം

അവളുടെ സാന്നിദ്ധ്യമായിരുന്നു എലിസബത്തിനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യം. മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ തള്ളി അവരെ ഒന്നു സന്ദർശിക്കാൻ പോലും മെനക്കെടാത്ത മക്കൾ മറിയത്തെ കണ്ടുപഠിക്കട്ടെ. മറിയത്തെപ്പോലെ സേവനതല്പരരായി, എളിയ ശുശ്രൂഷകളിൽ സന്തോഷം കണ്ടെത്തി, മറ്റുള്ളവർക്കു സന്തോഷം നൽകുന്ന വ്യക്തികളായി നമുക്കു മാറാം. അതിനായി മാതാവിന്റെ മാധ്യസ്ഥം നമുക്കപേക്ഷിക്കാം.

ഫാ.മാർട്ടിൻ പ്രേമാനന്ദ് പുരയ്ക്കൽ ഒ.ഐ.സി.

Printed, Published, Edited by Fr. Jacob Naluparayil, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi - 18